99.

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1899-ലെ സർക്കാർ കെട്ടിടം ആക്റ്റ്

## (1899-ലെ 4-ാം ആക്റ്റ്)

(1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Government Buildings Act, 1899

(Act No. 4 of 1899)

(As on 1st March, 1988)

വില :


യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

1988

# ആമുഖം

1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1899-ലെ സർക്കാർ കെട്ടിടം ആക്റ്റിന്റെ (1899-ലെ 4-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1988 ആഗസ്റ്റ് 2-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 11 മുതൽ 2 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

എസ്. രാമയ്യ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

ന്യൂഡൽഹി,
2-8-1988.

# PREFACE

This edition of the Government Buildings Act, 1899 (Act 4 of 1899) as on 1st March, 1988 contains the authorised translation of that Act in Malayalam and the same was published, in the Gazette of India Extraordinary Part XI Section I Vol. I No. 1 dated 2nd August 1988 on pages 11 to 12

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973. and on such publication it became the authorised translation of the Act in Malayalam.

S. RAMAIAH,
*Secretary to the Government of India*

New Delhi,
2-8-1988.

# 1899-ലെ സർക്കാർ കെട്ടിടം ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ — പേജ്


| | | |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | 1 |
| 2. | ''മുനിസിപ്പൽ അധികാര സ്ഥാന''ത്തിന്റെ നിർവ്വചനം | 1 |
| 3. | മുനിസിപ്പാലിററികളിൽ കെട്ടിടം പണി മുതലായവ ക്രമപ്പെടുത്തുന്നതിനുള്ള മുനിസിപ്പൽ നിയമങ്ങളിൽ നിന്നും ചില സർക്കാർ കെട്ടിടങ്ങളെ ഒഴിവാക്കൽ | 1 |
| 4. | മുനിസിപ്പാലിററിക്കുള്ളിൽ ചില സർക്കാർ കെട്ടിടങ്ങളുടെ പണി മുതലായവ സംബന്ധിച്ച അഭിപ്രായങ്ങളും ആക്ഷേപങ്ങളും എങ്ങനെ പുറപ്പെടുവിക്കണമെന്നും കൈകാര്യം ചെയ്യണമെന്നും. | 2 |

# 1899 –ലെ സർക്കാർ കെട്ടിടം ആക്റ്റ്

(1899–ലെ 4–ാം ആക്റ്റ്)

(1988 മാർച്ച് 1-ാംതീയതി വരെ ഭേദഗതി ചെയ്തപ്രകാരം)

(1899 ഫെബ്രുവരി 3)

ഒരു മുനിസിപ്പാലിററിയുടെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സർക്കാർവകയോ സർക്കാരിൻെറ കൈവശമിരിക്കുന്നതോ ആയ ചില കെട്ടിടങ്ങളേയും ഭൂമികളേയും മുനിസിപ്പൽ കെട്ടിട നിയമങ്ങളുടെ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കുന്നതിനു വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്.

ഒരു മുനിസിപ്പാലിററിയുടെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സർക്കാർവകയോ സർക്കാരിൻെറ കൈവശമിരിക്കുന്നതോ ആയ ചില കെട്ടിടങ്ങളേയും ഭൂമികളേയും മുനിസിപ്പൽ കെട്ടിട നിയമങ്ങളുടെ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

ചുരുക്കപ്പേരും വ്യാപ്തിയും

1. (1) ഈ ആക്റ്ററിന് 1899–ലെ സർക്കാർ കെട്ടിടം ആക്റ്റ് എന്നു പേർ പറയാവുന്നതാണ്.

(2) ഇതിന് 1956 നവംബർ 1–ാം തീയതിക്കുമുൻപ് ക വിഭാഗം സംസ്ഥാനങ്ങളിൽ അടങ്ങിയിരുന്ന ഭൂപ്രദേശങ്ങൾ ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

''മുനിസിപ്പൽ അധികാരസ്ഥാന'' ത്തിൻെറ നിർവ്വചനം

2. ഈ ആക്ററിൽ, ''മുനിസിപ്പൽ അധികാരസ്ഥാനം'' എന്ന പ്രയോഗത്തിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലേയോ അധിനിയമത്തിലേയോ വ്യവസ്ഥകളാലോ വ്യവസ്ഥകളിൻ കീഴിലോ സംവിധാനം ചെയ്യപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനും മുനിസിപ്പൽ കമ്മീഷണറൻമാരുടെ നികായവും ഉൾപ്പെടുന്നു.

മുനിസിപ്പാലിററികളിൽ കെട്ടിടം പണി മുതലായവ ക്രമപ്പെടുത്തുന്നതിനുള്ള മുനിസിപ്പൽ നിയമങ്ങളിൽ നിന്നും ചില സർക്കാർ കെട്ടിടങ്ങളെ ഒഴിവാക്കൽ

3. ഏതെങ്കിലും മുനിസിപ്പാലിററിയുടെ അതിർത്തിക്കുള്ളിൽ കെട്ടിടങ്ങളുടെ പണിയും അഴിച്ചുപണിയും നിർമ്മാണവും വ്യത്യാസപ്പെടുത്തലും അററകുററപ്പണികളും ക്രമപ്പെടുത്തുന്നതിന് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അധിനിയമത്തിലോ അടങ്ങിയിട്ടുള്ള യാതൊന്നും സർക്കാർ വകയോ പൊതുജന സേവനത്തിനോ ഏതെങ്കിലും പൊതു ആവശ്യത്തിനോ ഉപയോഗിക്കുന്നതോ വേണ്ടിവരാവുന്നതോ ആയ, സർക്കാർവകയോ സർക്കാരിൻെറ കൈവശത്തിലിരിക്കുന്നതോ ആയ കെട്ടിടങ്ങൾക്കും, സർക്കാരിൻെറ വകയോ സർക്കാരിൻെറ കൈവശത്തിലിരിക്കുന്നതോ ആയ ഭൂമിയിൽ പണിയാനുദ്ദേശിക്കുന്ന കെട്ടിടങ്ങൾക്കും ബാധകമാകുന്നതല്ല:

എന്നാൽ, മുൻപറഞ്ഞപ്രകാരം ഏതെങ്കിലും കെട്ടിടത്തിൻെറ പണിയോ അഴിച്ചുപണിയോ നിർമ്മാണമോ കെട്ടിടത്തിൻെറ ഘടനയിൽ സാരമായ വ്യത്യാസപ്പെടുത്തലോ ഉദ്ദേശിച്ചിട്ടുള്ളിടത്ത്, (പ്രതിരോധ സംബന്ധമായ കെട്ടിടമോ സർക്കാരിൻെറ അഭിപ്രായത്തിൽ പ്ലാനും നിർമ്മാണവും ഗോപ്യമായോ രഹസ്യമായോ കരുതപ്പെടേണ്ട കെട്ടിടമോ അല്ലാത്തിടത്ത്), നിർദ്ദിഷ്ട പണി സംബന്ധിച്ച ന്യായമായ നോട്ടീസ് പണി തുടങ്ങുന്നതിനുമുൻപ് മുനിസിപ്പൽ അധികാരസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

മുനിസിപ്പാലിററിക്കുള്ളിൽ ചില സർക്കാർ കെട്ടിടങ്ങളുടെ പണി മുതലായവ സംബന്ധിച്ച അഭിപ്രായങ്ങളും ആക്ഷേപങ്ങളും എങ്ങനെ പുറപ്പെടുവിക്കണമെന്നും കൈകാര്യം ചെയ്യണമെന്നും

4. (1) തൊട്ടുമുൻപുള്ള വകുപ്പിൽ പ്രസ്താവിച്ച ഏതെങ്കിലും കെട്ടിടത്തിന്റെ സംഗതിയിൽ (പ്രതിരോധ സംബന്ധമായ കെട്ടിടമോ സർക്കാരിന്റെ അഭിപ്രായത്തിൽ പ്ലാനും നിർമ്മാണവും ഗോപ്യമായോ രഹസ്യമായോ കരുതപ്പെടേണ്ട കെട്ടിടമോ അല്ലാത്തിടത്ത്), മുനിസിപ്പൽ അധികാരസ്ഥാനത്തിനോ ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിനോ, സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടി ലഭിച്ച അനുവാദത്തോടുകൂടി മാത്രം, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു മുഖേന സംസ്ഥാനസർക്കാർ ഏർപ്പെടുത്താവുന്ന നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായും, അതതുസംഗതിപോലെ, ഭൂമിയും കെട്ടിടവും കെട്ടിടത്തിന്റെ പണിയോ അഴിച്ചുപണിയോ നിർമ്മാണമോ ഘടനാപരമായ കാര്യമായ വ്യത്യാസപ്പെടുത്തലോ സംബന്ധിച്ച എല്ലാ പ്ലാനുകളും പരിശോധിക്കാവുന്നതും അങ്ങനെയുള്ള പണിയും അഴിച്ചുപണിയും, നിർമ്മാണവും ഘടനാപരമായ കാര്യമായ വ്യത്യാസപ്പെടുത്തലും സംബന്ധിച്ച് പുറപ്പെടുവിക്കുന്നത് യുക്തമെന്ന് മുനിസിപ്പൽ അധികാരസ്ഥാനം കരുതുന്ന എല്ലാ ആക്ഷേപങ്ങളുടേയും അഭിപ്രായങ്ങളുടേയും ലിഖിതമായ ഒരു പട്ടിക സംസ്ഥാന സർക്കാരിനു സമർപ്പിക്കാവുന്നതും ആകുന്നു.

(2) മുൻപറഞ്ഞപ്രകാരം സമർപ്പിച്ച ഏതൊരു ആക്ഷേപവും അഭിപ്രായവും സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതും ഉചിതമെന്ന് കരുതുന്ന അന്വേഷണം വല്ലതുമുണ്ടെങ്കിൽ അങ്ങനെയുള്ള അന്വേഷണത്തിനുശേഷം അതിൻമേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിൽ പരാമർശിക്കുന്ന കെട്ടിടം അങ്ങനെയുള്ള ഉത്തരവനുസരിച്ച്, അതതു സംഗതിപോലെ, പണിയുകയോ അഴിച്ചുപണിയുകയോ വ്യത്യാസം വരുത്തുകയോ ചെയ്യേണ്ടതും ആകുന്നു:

എന്നാൽ, സംസ്ഥാന സർക്കാർ മുൻപറഞ്ഞ ഏതെങ്കിലും ആക്ഷേപമോ അഭിപ്രായമോ നിരസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നെങ്കിൽ അങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങൾ ലിഖിതമായി നല്കേണ്ടതാണ്.

(3) (വിട്ടുകളഞ്ഞു).

---